**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 21

# വാർത്താക്കുറിപ്പ് (1)

---

## അന്താരാഷ്ട്ര കോൺഫറൻസ് എം.ജി. സർവകലാശാലയിൽ

ടിഷ്യൂ എൻജനീയറിംഗിന് ഉപയോഗിക്കുന്ന നാനോ ബയോ മെറ്റീരിയലുകളെക്കുറിച്ചുള്ള അന്താരാഷ്ട്ര കോൺഫറൻസ് ഒക്ടോബർ 25 മുതൽ 27 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.

സർവകലാശലയിലെ ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി ചൈനയിലെ വുഹാൻ ഹ്വോ സോംഗ് ശാസ്ത്ര സാങ്കേതിക സർവകലാശാല, റഷ്യയിലെ ഓർഗവ് മൊർഡോവിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റി എന്നിവ സംയുക്തമായാണ് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിൻറെ സാമ്പത്തിക സഹായത്തോടെയുള്ള ബ്രിക്സ് സംയുക്ത ഗവേഷണ പരിപാടിയുടെ ഭാഗമായി ശിൽപ്പശാല നടത്തുന്നത്.

ഓൺലൈനിലും ഓഫ് ലൈനിലുമായി നടത്തുന്ന കോൺഫറൻസിൽ ബയോ മെറ്റീരിയൽസ്, ടിഷ്യൂ എൻജിനിയറിംഗ് മേഖലകളിലെ ഗവേഷകർ, വിദ്യാഭ്യാസ വിദഗ്ധർ, വ്യവസായ പങ്കാളികൾ, വിദ്യാർഥികൾ തുടങ്ങിയവർ തങ്ങളുടെ കണ്ടെത്തലുകൾ പങ്കുവയ്ക്കും.

ഒക്ടോബർ 25ന് സ്കൂൾ ഓഫ് പ്യൂവർ ആൻറ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ശിൽപ്പശാല ഉദ്ഘാടനം ചെയ്യും. പ്രൊഫ. ഉവാംഗ് യാംഗ്(ചൈന), പ്രൊഫ. റെവിൻ വിക്ടർ(റഷ്യ), പ്രൊഫ. നന്ദകുമാർ കളരിക്കൽ എന്നിവർ വിവിധ ദിവസങ്ങളിൽ പ്രഭാഷണം നടത്തും.

(പി.ആർ.ഒ./39/1503/2022)

## പുനർ മൂല്യനിർണയം; തീയതി നീട്ടി

പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ 2019 അഡ്മിഷൻ ഒന്ന്, രണ്ട് സെമസ്റ്റർ മാർച്ച് (2021) പരീക്ഷകളുടെ പുനർമൂല്യനിർണയത്തിന് ഒക്ടോബർ 21 മുതൽ നവംബർ മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1504/2022)

## സബ് സെന്റർ മാറ്റി

ഒക്ടോബർ 26 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ. / ബി.കോം. (2021 അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് തൊടുപുഴ ന്യൂമാൻ കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച് തൊടുപുഴ ഗുരു നാരായണ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് സബ് സെന്റർ ആയി അനുവദിക്കപ്പെട്ട ബി.എ. (ഹിസ്റ്ററി, ഇംഗ്ലീഷ്, മലയാളം) വിദ്യാർഥികൾ മൂവാറ്റുപുഴ, രണ്ടാർക്കര, എച്ച്.എം. ആർട്സ് ആന്റ് സയൻസ് കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം. മറ്റു വിദ്യാർഥികളുടെ പരീക്ഷാ കേന്ദ്രത്തിൽ മാറ്റമില്ല. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1505/2022)

## പരീക്ഷ നവംബർ 25 മുതൽ

പ്രൈവറ്റ് രജിസ്ട്രേഷൻ സി.ബി.സി.എസ്. മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം. (2019, 2018, 2017 അഡ്മിഷൻ റീ-അപ്പിയറൻസ് നവംബർ 2022) പരീക്ഷകൾ നവംബർ 25 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1506/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നവംബർ 11 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (2021 അഡ്മിഷൻ റഗുലർ / 2019, 2020 അഡ്മിഷൻ സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ ഒന്ന് വരെയും പിഴയോടു കൂടി നവംബർ രണ്ടിനും സൂപ്പർഫൈനോടു കൂടി നവംബർ മൂന്നിനും അപേക്ഷ നൽകാം. റഗുലർ വിദ്യാർഥികൾ 300 രൂപയും വീണ്ടും എഴുതുന്നവർ പേപ്പറൊന്നിന് 60 രൂപ നിരക്കിലും (പരമാവധി 300 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാഫീസിന് പുറമേ അടയ്ക്കണം. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1507/2022)

## പ്രാക്ടിക്കൽ

ജൂലൈയിലെ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 28 ന് നടക്കും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

..........................

രണ്ടാം സെമസ്റ്റർ ബി.വോക്. സോഫ്റ്റ്വെയർ ഡെവലപ്മെന്റ് ആന്റ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ (2021 അഡ്മിഷൻ റഗുലർ, പുതിയ സ്കീം ഓഗസ്റ്റ് 2022) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 25 മുതൽ 28 വരെ മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ നടക്കും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1508/2022)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ. മലയാളം പ്രൈവറ്റ് രജിസ്ട്രേഷൻ (2016 മുതൽ 2018 വരെ അഡ്മിഷൻ സപ്ലിമെന്ററി , 2014, 2015 അഡ്മിഷൻ മേഴ്സി ചാൻസ് ഓഗസ്റ്റ് 2022) പരീക്ഷയുടെ വൈവ വോസി പരീക്ഷ ഒക്ടോബർ 25 മുതൽ പാലാ സെന്റ് തോമസ് കോളേജിൽ നടക്കും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1509/2022)

## പരീക്ഷാ ഫലം

എം.എ. ഹിസ്റ്ററി ഒന്ന്, രണ്ട് സെമസ്റ്റർ (പ്രൈവറ്റ് - സപ്ലിമെന്ററി, മേഴ്സി ചാൻസ്, രണ്ടാം സെമസ്റ്റർ റഗുലർ - മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

2015 അഡ്മിഷൻ മുതലുള്ളവർ പുനർമൂല്യനിർണയത്തിനും സൂക്ഷമപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് നവംബർ നാല് വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

2015 അഡമിഷന് മുൻപുള്ളവർ പുനർമൂല്യനിർണയത്തിനും സൂക്ഷമപരിശോധനക്കും നിശ്ചിത ഫീസ് സഹിതം നവംബർ നാലിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1510/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**